ചാലിയാർ വെള്ളത്തിൽ ഇതിൻെറ ഇരട്ടിയിലേറെ ഇരുമ്പ് ഉണ്ട്—6.5 പി. പി. എം.

ഇതു് വിഷജലത്തിൻെറ കാര്യം. കമ്പനിയിലെ വിഷപ്പുക വായുവിനെ എത്രമാത്രം മലിനമാക്കുന്നു എന്ന ഒരു പഠനം 'വാഴക്കാട്' എന്ന സ്ഥലത്തുവെച്ചു നടത്താനും രസതന്ത്ര വിഭാഗത്തിനു് ഉദ്ദേശ്യമുണ്ട്.

ഈ വിഷബാധ പരിഹരിക്കുവാൻ കമ്പനി എന്തു ചെയ്യും? മൂന്നു കോടി രൂപ മുതൽമുടക്കും ദിവസേന മുപ്പതിനായിരം രൂപ ആവർത്തന ച്ചെലവും വരുന്ന ഒരു സംസ്കരണപരിപാടി തങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും 1982 ഏപ്രിലിൽ ഇതു പ്രവർത്തനക്ഷമമാകുമെന്നും കമ്പനി പറയുന്നു.

കണ്ടു് അറിയണം.

അതേ സമയം ഫെബ്രുവരി 20—നു മുമ്പു് രണ്ടു പ്ലാൻറുകൾ പൂട്ടിയിടാനും മൂവായിരത്തിലേറെ തൊഴിലാളികളെ 'ലേ ഓഫ്' ചെയ്യാനും കമ്പനി സർക്കാർ അനുവാദത്തിനപേക്ഷിച്ചിരിക്കുന്നു.

മലിനീകരണത്തെപ്പററി പ്രക്ഷോഭമുണ്ടാവുമ്പോഴൊക്കെ കമ്പനി ചെയ്യാറുള്ളതു് ഇതാണു്: ലേ ഓഫ്, കമ്പനി തീരെ പൂട്ടിക്കളയുമെന്ന സൂചന നൽകൽ. ഇതിൻഫലമായി, മലിനീകരണത്തിനെതിരേയുള്ള പൊതുജന പ്രക്ഷോഭണം മന്ദീഭവിക്കുന്നു. അവർക്കു പ്രധാനം തൊഴിലാണല്ലോ.

അന്നന്നത്തെ കൊററു മുടങ്ങുമെന്നു കാണുമ്പോൾ, കുടിക്കുന്ന വെള്ളത്തിൻെറയോ ശ്വസിക്കുന്ന വായുവിൻെറയോ മേന്മയെപ്പററി ശ്രദ്ധിക്കാൻ എത്രപേർ കാണും?

പക്ഷേ, സർക്കാരിനു് ഇക്കാര്യത്തിൽ വമ്പിച്ച ചുമതലയുണ്ട്.

ചാലിയാററിലെ വിഷബാധ നീങ്ങുംവരെ കേരള സർക്കാർ നിഷ്ക്രിയമായിക്കൂട.

# 110. വെള്ളത്തിൽ കലങ്ങിയ ചില ചിന്തകൾ

കൊല്ലം നഗരത്തിൽ, താരതമ്യേന ഭേദപ്പെട്ടതെന്നു പറയുന്ന ഒരു പ്രദേശത്തിലാണു് ഞാൻ പാർക്കുന്നതു്. ഇവിടെ കഴിഞ്ഞ മൂന്നു ദിവസങ്ങളായി ടാപ്പിലൂടെ വെള്ളം ഒഴുകുന്നില്ല. ഇനി എപ്പോൾമുതൽ വെള്ളം കിട്ടിത്തുടങ്ങുമെന്നു് അയൽപക്കത്തു് ആർക്കും അറിഞ്ഞുകൂടാ. ഈ സംഗതിയെപ്പററി ആരും അന്വേഷിക്കുന്നതായും കാണുന്നില്ല. ജലവിതരണം മുടക്കും മുമ്പു് അതിനെപ്പററി അറിയിക്കുന്ന പതിവു് മുനിസിപ്പാലിററിക്കില്ല. നിറുത്തിയ ജലവിതരണം എപ്പോൾമുതൽ വീണ്ടും തുടങ്ങുമെന്നും അവർ പറയാറില്ല. ഇതൊന്നും ജനങ്ങളെ അറിയിക്കേണ്ട ചുമതല തങ്ങൾക്കുള്ളതായി അധികൃതന്മാർ കണക്കാക്കുന്നില്ലെന്നു തോന്നുന്നു.

മുമ്പു ഞാൻ താമസിച്ചിരുന്ന കോഴിക്കോട്ടു പട്ടണത്തിലും കൂടെക്കൂടെ ജലവിതരണം തടസ്സപ്പെടാറുണ്ട്. പക്ഷേ, തടസ്സപ്പെട്ട ജലവിതരണം എപ്പോൾമുതൽ പുനരാരംഭിക്കുമെന്നു് പത്രപ്രസ്താവനയിലൂടെയും മററും അവിടെ മുനിസിപ്പൽ കോർപ്പറേഷനിലെ അധികാരികൾ ജനങ്ങളെ അറിയിക്കാറുണ്ട്. കൊല്ലത്തു് ആ പതിവില്ല.

പതിനാറു വർഷം മുമ്പു ഞാൻ താമസിച്ചിരുന്ന മധുരയിൽ വളരെ പരിമിതമായ തോതിലേ ജലവിതരണമുള്ളു. എങ്കിലും ദിവസേന ഒരു നിശ്ചിത സമയത്തു്, അരമണിക്കൂറോ മുക്കാൽ മണിക്കൂറോ, ടാപ്പിൽ വെള്ളമുണ്ടാവും. ആ സമയത്തു വെള്ളം പിടിച്ചു പാത്രങ്ങളിൽ നിറച്ചുവെയ്ക്കാം.

അതിനാൽ, കൊല്ലത്തോ കോഴിക്കോട്ടോ അപ്രതീക്ഷിതമായ ജലദൗർലഭ്യം കൊണ്ടുണ്ടാകുന്ന കഷ്ടപ്പാട് മധുരയിൽ അനുഭവപ്പെടാറില്ല.

വെള്ളമില്ലാത്തതുകൊണ്ടാണ് മധുരയിൽ വേണ്ടത്ര വെള്ളം കിട്ടാത്തത്. കോഴിക്കോട്ടോ കൊല്ലത്തോ സ്ഥിതി അതല്ല. ഇവിടെ ഏതു കാലത്തും എത്രയെങ്കിലും വെള്ളം കിട്ടാനുണ്ട്. വിതരണ വ്യവസ്ഥയിലെ തകരാറുകളാണ് കേരളത്തിലെ നഗരങ്ങളിലെ ജലദൗർഭിക്ഷത്തിനു കാരണം.

വിതരണ വ്യവസ്ഥയിലെ തകരാറുകൾക്കു കാരണമെന്താണ്? കോഴിക്കോട്ടു കോർപ്പറേഷനിലെ ഒരു മുൻ മേയർ എന്നോടു പറഞ്ഞിട്ടുള്ളത്, ഇതിനുകാരണം സർക്കാർ ഉടമയിലുള്ള പ്രീമോ പൈപ്പ് ഫാക്ടറിയാണെന്നാണ്. ഈ ഫാക്ടറിയിൽ ഉണ്ടാക്കുന്ന സിമൻറു പൈപ്പുകളിലൂടെയാണ് ചാലിയാറിലെ വെള്ളം കോഴിക്കോട്ടു നഗരത്തിലെത്തുന്നത്. പൈപ്പുകൾ ചിലേടത്തു ഭൂമിക്കടിയിലാണ്. ചിലേടത്തു പുറത്തും. അകത്തുകൂടി ശക്തിയായി വെള്ളം ഒഴുകുമ്പോൾ, പ്രത്യേകിച്ചു കുറെനേരം ഒഴുകാതിരുന്ന ശേഷം വെള്ളം വീണ്ടും ഒഴുകിത്തുടങ്ങുമ്പോൾ, ഈ പൈപ്പുകൾ പൊട്ടിത്തകരുന്നു. തകർന്ന പൈപ്പ് മാററി മറെറാന്നിടുമ്പോഴേക്കു വേറൊരു പൈപ്പ് പൊട്ടുന്നു. പൊട്ടുന്നതു മണ്ണിനടിയിലാകുമ്പോൾ, പൈപ്പ് മാററിയിടുക കുറേക്കൂടി പ്രയാസമുള്ളതായിത്തീരുന്നു. പ്രീമോ പൈപ്പ് പൂർണമായും മാററി നല്ല പൈപ്പ് ഇടുംവരെ കോഴിക്കോട്ടെ ജലവിതരണം 'അന്നന്നു തുടങ്ങിയുമന്നന്നു മുടങ്ങിയും' വളരെ അതൃപ്തികരമായി മാത്രമേ നടക്കുകയുള്ളു എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു.

സർക്കാർ നിർമിക്കുന്ന പ്രീമോ പൈപ്പുകൾ എന്തുകൊണ്ട് ഇത്ര തരംതാണിരിക്കുന്നു? കൊല്ലത്തെ ഒരെൻജിനീയർ ഇതിൻെറ കാരണം പറഞ്ഞു. പൈപ്പിൻെറ ഉള്ളിൽ, സിമൻറിനു പ്രബലനം നൽകാൻ ഉപയോഗിക്കേണ്ടതു കൂടുതൽ ഗുണമുള്ള, വില കൂടിയ, ഉരുക്കു കമ്പിയാണ്. ഗുണവും വിലയും കുറഞ്ഞ ഇരുമ്പുകമ്പി, അല്പം തുരുമ്പുപിടിച്ചാൽ, കാഴ്ചയ്ക്ക് ഇതു നല്ല ഉരുക്കുകമ്പി പോലെയിരിക്കും. പൈപ്പ് വാർത്തു കഴിഞ്ഞാൽ, അതിനകത്തു പെട്ടുപോയ കമ്പിയുടെ തരം ആരും കണ്ടുപിടിക്കുകയില്ലല്ലോ. അതിനാൽ, നല്ല കമ്പിയുടെ വില കൊടുത്തു വാങ്ങിയ ചീത്തക്കമ്പി ഉപയോഗിച്ചാണ് പ്രീമോ പൈപ്പ് വാർക്കുന്നത്. വെള്ളം ഒഴുകിത്തുടങ്ങുംവരെ, പുറംകാഴ്ചയിൽ ഈ പൈപ്പിനു തകരാറൊന്നുമില്ല. ഒരു സർക്കാർ ഉല്പന്നമാകയാൽ, പബ്ലിക് ഹെൽത്ത് എൻജിനീയറിങ് വകുപ്പുകാർക്കു ഇതല്ലാതെ വേറെ നല്ല പൈപ്പ് വാങ്ങി ഉപയോഗിക്കാനും നിവൃത്തിയില്ല. ഇലക്ട്രിസിററിബോർഡിനുവേണ്ടി സിമൻറു തൂണുകൾ ഇതേ പൈപ്പ് ഫാക്ടറി നിർമിക്കുകയുണ്ടായെന്നും ഈ എൻജിനീയർ പറഞ്ഞു. പക്ഷേ നിവർത്തി കഴിച്ചിട്ട് കമ്പി കെട്ടുമ്പോഴേക്ക് ഈ കാലുകൾ ഓരോന്നും രണ്ടും മൂന്നും തുണ്ടുകളായി ഒടിയുമായിരുന്നു. അതിനാൽ ഇലക്ട്രിസിററിബോർഡ് പ്രീമോ ഫാക്ടറിയുടെ തൂണുകൾ ഉപേക്ഷിക്കുകയാണത്രേ ഉണ്ടായതു്. പക്ഷേ, പബ്ലിക് ഹെൽത്ത് എൻജിനീയറിങ് വകുപ്പുകാർക്കു്, എന്തുകൊണ്ടോ, പ്രീമോ പൈപ്പുകൾ ഉപയോഗിക്കാതിരിക്കാൻ കഴിയുന്നില്ല.

ഈ ആരോപണത്തിൽ എത്രമാത്രം വാസ്തവമുണ്ടെന്നു പറയാൻ ഞാൻ തയ്യാറല്ല. ഏതായാലും, ഉത്തരവാദപ്പെട്ടവർ ഈ കാര്യം അന്വേഷിച്ചാൽ, നമ്മുടെ നഗരങ്ങളിലെ നിത്യശാപമായിത്തീർന്നിട്ടുള്ള ജലവിതരണത്തകരാറ് ഒരുപക്ഷേ, ഒഴിവാക്കാൻ കഴിഞ്ഞേക്കും.

പക്ഷേ, ആരാണ് ഉത്തരവാദപ്പെട്ടവർ? 'ഉത്തരവാദപ്പെട്ടവർ' എന്ന് ഒരുവർഗം നമ്മുടെ നാട്ടിൽ എന്നേ ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ പൊതുജീവിതത്തിലും, തുടർന്നു വ്യക്തിജീവിതത്തിലും, സംഭവിച്ചിട്ടുള്ള

എല്ലാ ഗുണച്യുതിക്കും കാരണം ഉത്തരവാദബോധം ഉണ്ടാകേണ്ടവർ ആ ബോധം കൈവിട്ടതാണെന്നു പറയേണ്ടിയിരിക്കുന്നു.

രാഷ്ട്രീയരംഗത്തു സാർവത്രികമായി തീർന്നിട്ടുള്ള അഴിമതിയെപ്പററി ഏററവും വാചാലമായി പ്രസംഗിക്കുന്നവർ രാഷ്ട്രീയക്കാർതന്നെയാണെന്ന വസ്തുത നാം ശ്രദ്ധിക്കാറുണ്ടോ? 'ഈ നാറിയ ഭരണം' എന്നു പരസ്പരം ചൂണ്ടി പറയാത്ത രാഷ്ട്രീയകക്ഷികളുണ്ടോ? ഭരണമേഖലയിൽ ഇന്നു സാർവത്രികമായിത്തീർന്നിട്ടുള്ള വ്യവസ്ഥയില്ലായ്മക്കും കുഴപ്പങ്ങഠംക്കും കാരണം രാഷ്ട്രീയ പാർട്ടികളുടെ സദാചാര ശൂന്യതയാണെന്ന് എല്ലാവർക്കും അറിയാം. പക്ഷേ, തങ്ങഠം കൈക്കൊണ്ടു വരുന്ന അഴിമതികഠം അവസാനിപ്പിക്കാൻ ഏതെങ്കിലും രാഷ്ട്രീയപാർട്ടി മുൻകൈയെടുക്കുമോ? അതിനുള്ള ഉത്തരവാദിത്തബോധം ആർക്കെങ്കിലുമുണ്ടോ?

ഭരണാധിപനെന്ന നിലയിലും രാഷ്ട്രീയനേതാവെന്ന നിലയിലും കേരളത്തിൽ മററാരേക്കാളും പ്രശസ്തനായ ശ്രീ സി. അച്യുതമേനോൻ രാഷ്ട്രീയ പ്രവർത്തകരുടെ അഴിമതിയെപ്പററി ഫെബ്രുവരി 14—ലെ 'ദീപിക' ആഴ്ചപ്പതിപ്പിൽ ശ്രദ്ധേയമായ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നു:

'എം. എൽ. എ. മാർ, എം.പി. മാർ, പഞ്ചായത്തു പ്രസിഡണ്ടുമാർ, മുനിസിപ്പൽ ചെയർമാന്മാർ, ബോർഡുകഠം മുതലായവയുടെ ചെയർമാന്മാർ എന്നിങ്ങനെ ഉത്തരവാദിത്തവും അധികാരവും ഉള്ള സ്ഥാനങ്ങളിൽ ഇരിക്കുന്ന ആളുകഠംക്ക് അഴിമതി നടത്തുവാൻ വളരെ സന്ദർഭങ്ങളുണ്ടാകാം. മന്ത്രിമാരുടെ കാര്യം പിന്നെ പറയേണ്ടതുമില്ലല്ലോ. സാധാരണഗതിയിൽ സത്യസന്ധനും അഴിമതി ചെയ്യാത്തവനുമായ ഒരുവൻപോലും ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ വന്നാൽ അഴിമതി നടത്തുവാൻ പ്രലോഭിതനായിത്തീരുന്നു; അഥവാ അതിനു നിർബന്ധിക്കപ്പെടുന്നു. കൈക്കൂലി പാർട്ടിക്കു വേണ്ടിയായാൽ മേടിക്കാം, സ്വന്തം കീശ വീർപ്പിക്കാനായി പാടില്ല എന്നുവരെയായിട്ടുണ്ട് നമ്മുടെ ധർമബോധത്തിന്റെ നിലവാരം എന്നും മനസ്സിലാക്കുന്നതു് നന്ന്. പലപ്പോഴും മന്ത്രിമാരെ അവരുടെ രാഷ്ട്രീയപ്പാർട്ടികഠം സംഭാവന പിരിക്കാൻ പ്രേരിപ്പിക്കുന്നു. ഇത്തരം സംഭാവന പിരിവുപോലും ഇന്നത്തെ ഇന്ത്യയിൽ വലിയ അഴിമതിയായി രൂപം പ്രാപിച്ചിട്ടില്ലേ....ടി. എ. യും ഡി. എ. യും വാങ്ങിക്കുവാനായി (നിയമസഭ) കമ്മററികളിലെ മെംബർഷിപ്പ് ഉപയോഗിക്കുന്ന പതിവു നിറുത്തലാക്കണമെങ്കിൽ രാഷ്ട്രീയപാർട്ടികഠം വിചാരിച്ചാലേ സാധിക്കൂ. കമ്മററി അംഗത്വംകൊണ്ടു കിട്ടുന്ന ടി. എ. യുടെയും ഡി. എ. യുടെയും ഒരോഹരി പാർട്ടി ലെവിയായി വാങ്ങുകയും അങ്ങനെ പരോക്ഷമായി അത്തരം സമ്പാദ്യത്തെ (പാർട്ടി) പ്രോത്സാഹിപ്പിക്കുകയുമാണു ചെയ്യുന്നതു്....അങ്ങനെ എത്ര സമ്പാദ്യം ഉണ്ടാകുന്നുവെന്നു കൃത്യമായി പൊതുജനങ്ങഠംക്കറിയാൻ പ്രയാസമാണ്. അതു് അവരിൽനിന്നും സമർത്ഥമായി മറച്ചുവെക്കുകയാണു ചെയ്യുന്നതു്. (അഴിമതി തടയുന്നതിനുള്ള) പല നടപടികളും സ്വീകരിക്കുന്നതിന് ഇന്നു രാഷ്ട്രീയപാർട്ടികഠം തടസ്സം നില്ക്കുകയാണു ചെയ്യുന്നതു്. പൊതുപ്രവർത്തകരിൽനിന്ന് അഴിമതി നിർമാർജനം ചെയ്യുന്ന കാര്യത്തിൽ രാഷ്ട്രീയപാർട്ടികഠംക്കു വമ്പിച്ച പങ്കു വഹിക്കാൻ കഴിയും. യഥാർത്ഥ സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്നു എന്നഭിമാനിക്കുന്ന പാർട്ടികളെങ്കിലും ഇതു ചെയ്യില്ലെങ്കിൽ അതിനർത്ഥം അവരുടെ സോഷ്യലിസം വെറും അധരവ്യായാമമെന്നതിൽ കവിഞ്ഞു മറെറാന്നുമല്ല എന്നുതന്നെയാണ്.'

ഭരണതലത്തിലുള്ള അഴിമതി തഴച്ചു വളരുന്നതു് പൊതുജനങ്ങഠംക്ക് അർഹതയുള്ള സേവനങ്ങഠം ലഭിക്കാതാവുമ്പോഴാണ്. നിയമപ്രകാരം തങ്ങഠംക്ക് അവകാശപ്പെട്ട സേവനങ്ങഠം ലഭിക്കാൻവേണ്ടിയാണ് കൂടുതൽ

ആളുകളും കോഴ നൽകുന്നതു്. നിയമപ്രകാരം തങ്ങൾക്കു് അർഹതയില്ലാത്ത ആനുകൂല്യങ്ങൾ കിട്ടാനും കുറേപ്പേർ കോഴ നൽകുന്നുണ്ടെന്നതു ശരിതന്നെ. പക്ഷേ, കാര്യക്ഷമതയില്ലാത്ത ഒരു ഭരണവ്യവസ്ഥയിൽ അധികം കോഴയും ആദ്യത്തെ തരത്തിലാണു പെടുന്നതു്. ബസ്സിലും തീവണ്ടിയിലും ടിക്കററു കിട്ടാൻ, സ്കൂളിലും കോളേജിലും പ്രവേശനം ലഭിക്കാൻ, യോഗ്യതയുള്ള ഉദ്യോഗത്തിൽ നിയമനം കിട്ടാൻ, ആതുരനു് ആസ്പത്രിയിൽ സേവനം സിദ്ധിക്കാൻ ഒക്കെ നമുക്കുള്ള അവകാശം ഇന്നു നിഷേധിക്കപ്പെടുന്നു. നിഷേധിക്കപ്പെടുന്നതു കൂടുതലും ഭരണകർത്താക്കളുടെ കഴിവുകേടു്, ഉദാസീനത, ഉത്തരവാദബോധമില്ലായ്മ എന്നിവ നിമിത്തമാണു്. ഇങ്ങനെ നിഷേധിക്കപ്പെട്ട അവകാശം പുനഃസ്ഥാപിച്ചു കിട്ടാൻ നാം പല തലങ്ങളിലായി, പരസ്യമായും, ചിലപ്പോൾ അത്തിയില കൊണ്ടു മറച്ചും കോഴ കൊടുക്കുന്നു.

കോഴയുടെ വളർച്ചയ്ക്കു് അനുഗുണമായ അന്തരീക്ഷം സൃഷ്ടിക്കുന്നതു് ഭരണത്തിന്റെ കാര്യക്ഷമതയില്ലായ്മയും, ഭരണാധികാരികളുടെ ഉത്തരവാദബോധമില്ലായ്മയുമാണു്.

അതിരിക്കട്ടെ, ഇപ്പോൾ ഏതു് എൻജിനീയർക്കു്, അല്ലെങ്കിൽ ഓവർസീയർക്കു്, അതുമല്ലെങ്കിൽ മററാർക്കെങ്കിലും കൈക്കൂലി കൊടുത്താലാണു് ഈ ടാപ്പിൽ കുറച്ചു വെള്ളം കിട്ടുക?

7 മാർച്ചു്, 1982

# 111. വനവിധ്വംസനം

സർട്ടിഫൈഡ് മാർക്കുലിസ്റ്റുകൾ മാത്രമല്ല, ഡിഗ്രികൾവരെ കൃത്രിമമായി നിർമിച്ചു് ആവശ്യക്കാർക്കു വിലയ്ക്കു വില്ക്കുന്നതിനുള്ള സമർത്ഥമായ ഒരു സംവിധാനം ഏതാനും വർഷങ്ങളായി കേരള സർവകലാശാലയിൽ പ്രവർത്തിച്ചു വന്നിരുന്നു. നമ്മുടെ ഉന്നത വിദ്യാഭ്യാസമണ്ഡലത്തിൽ ആഴത്തിൽ വേരോടിയ ഈ ക്യാൻസർ രോഗത്തിന്റെ ഭീകരത തുറന്നു കാട്ടിയ കേരള ഹൈക്കോടതിയുടെ സുപ്രധാനമായ വിധിയെപ്പററി കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലൊട്ടാകെയുള്ള ജനങ്ങൾ ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്.

കേരളത്തിന്റെ സാമ്പത്തിക ഭാവിയേയും പരിസരാരോഗ്യത്തേയും സംബന്ധിച്ചിടത്തോളം ഏതാണ്ടു് ഇത്രയുംതന്നെ പ്രാധാന്യമർഹിക്കുന്ന മറെറാരു വിധി ജനുവരി 15–ാം തീയതി കേരള ഹൈക്കോടതി പുറപ്പെടുവിക്കുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിമുതൽ കേരളത്തിലെ വനങ്ങൾ വൻതോതിൽ വിധ്വംസിക്കപ്പെട്ടുകൊണ്ടിരിക്കുകയാണു്. 1971 മുതൽ ഈ വിധ്വംസനത്തിന്റെ തീവ്രതയും വേഗവും വർദ്ധിച്ചിരിക്കുന്നു. ഇതിനെപ്പററി കേരള ഗവണ്മെൻറും കേന്ദ്രഗവണ്മെൻറും വിശദമായ അന്വേഷണങ്ങൾ നടത്തുകയും വനവിധ്വംസനം തടയുന്നതിനു് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും വേണമെന്നു്, ഒരു വനം കോൺട്രാക്ടർ നല്കിയ റിട്ടു് അപേക്ഷയിൽ വിധി നല്കിക്കൊണ്ടു്, ജസ്റ്റിസ് ശ്രീ കെ. സുകുമാരൻ അന്നു പ്രസ്താവിച്ചു. ഇങ്ങനെ ഒരന്വേഷണം നടത്തുന്നതുകൊണ്ടേ വനസംരക്ഷണത്തിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്തം വ്യവസ്ഥപ്പെടുത്താൻ കഴിയൂ. 1980-ൽ ഇന്ത്യയൊട്ടാകെ ബാധകമായ വന സംരക്ഷണനിയമം പാർലമെൻറ് പാസ്സാക്കിയിട്ടുണ്ടു്. വനസമ്പത്തു ഭദ്രമായി സംരക്ഷിക്കുന്നതിനുള്ള ഫലപ്രദമായ നട